LIBRARY ARCHIVES Kerala Legislative Assembly

## പാടങ്ങൾ നികത്തുന്ന പദ്ധതി

204 (1286) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടങ്ങൾ നികത്തിയ നടപടി പണം വാങ്ങി ക്രമവൽക്കരിക്കുന്ന പദ്ധതി പ്രകാരം എത്ര രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) എത്ര ഏക്കർ പാടങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ക്രമവൽക്കരിച്ച് നൽകിയിട്ടുള്ളത്;

(സി) ഏതു വർഷംവരെ നികത്തിയ പാടങ്ങളാണ് ക്രമവൽക്കരിച്ച് നൽകാൻ ഉത്തരവായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും പിൻവാങ്ങി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ചട്ടങ്ങൾ നിലവിൽവന്ന് അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയാൽ മാത്രമേ ഇത് സംബന്ധിച്ച കണക്ക് ലഭ്യമാകുകയുള്ളൂ.

(സി) 12-8-2008-നുമുമ്പ് രൂപാന്തരപ്പെടുത്തിയ നെൽവയലുകൾ ക്രമവത്ക്കരിച്ച് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയിൽനിന്നും പിൻവാങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## കാർഷിക പരിഷ്കരണ നിയമങ്ങൾ

205 (1288) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പരിഷ്കരണം നടപ്പാക്കുന്നതിലേക്ക് റവന്യൂ വകുപ്പ് മുൻകൈ എടുത്തു പാസാക്കിയ നിയമങ്ങൾ ഏതെല്ലാം ;

(ബി) പ്രസ്തുത നിയമങ്ങളിൽ ഏതെല്ലാം നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്;

(സി) പ്രസ്തുത നിയമങ്ങളിൽ നടപ്പാക്കുവാൻ സാധിക്കാത്തവ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത നടപടിയുടെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് രൂപം കൊടുത്തിട്ടുണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ നടപ്പാക്കിയിട്ടുണ്ട്.

(സി&ഡി) ബാധകമല്ല.

## ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ്

206 (1289) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഉപരിധിക്ക് നാളിതുവരെ ഇളവ് നൽകിയിട്ടുള്ളത് എത്ര പേർക്കാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഭൂപരിധി വ്യവസ്ഥയിൽ ഇളവ് നൽകിയതിനെ തുടർന്ന് ഭൂമി കൈവശം വച്ച് വരുന്നവർ ഏത് ആവശ്യത്തിലേക്കാണ് ഭൂമി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇളവ് വാങ്ങിയ കാര്യത്തിന് ഭൂമി ഉപയോഗിക്കാത്തവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും അത്തരം ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ്

207 (1290) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം അനുവദനീയമായതിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ ഇളവ് അനുവദിച്ച് കിട്ടുന്നതിലേക്ക് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര അപേക്ഷകർക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly